**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2246** **12-12-2022 - ൽ മറുപടിയ്ക്ക്**

**കിളികൊല്ലൂർ കേസിലെ പോലീസ് റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കിളികൊല്ലൂരിൽ സൈനികനും സഹോദരനും പോലീസ് സ്റ്റേഷനിൽനിന്ന് മർദ്ദനമേറ്റ സംഭവത്തിൽ കൊല്ലം സിറ്റി പോലീസ് കമ്മീഷണർ മനുഷ്യാവകാശ കമ്മീഷന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | കിളികൊല്ലൂരിൽ സൈനികനും സഹോദരനും പോലീസ് സ്റ്റേഷനിൽ നിന്ന് മർദ്ദനമേറ്റതായി ആരോപിക്കപ്പെടുന്ന സംഭവത്തിൽ കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ബഹു. മനുഷ്യാവകാശ കമ്മീഷന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ടിൽ പോലീസ് സ്റ്റേഷനിൽ ഇവർക്ക് മർദ്ദനം നടന്നു എന്ന് സ്ഥിരീകരിച്ചിട്ടിട്ടുണ്ടോ; | (ബി) | ബഹു. മനുഷ്യാവകാശ കമ്മീഷന്റെ പരിഗണനയിലിരിക്കുന്ന സംഗതിയിലെ വിവരങ്ങൾ ഈ ഘട്ടത്തിൽ നൽകുന്നത് ഉചിതമല്ല. |
| (സി) | പോലീസ് സ്റ്റേഷനിലെ സി.സി.ടി.വി ദൃശ്യങ്ങൾ അടക്കം പുറത്തു വന്നിട്ടും മർദ്ദിച്ചത് ആരാണെന്ന് അറിയില്ലെന്ന് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; | (സി) | ഉത്തരം (ബി) യിൽ ചേർത്തിരിക്കുന്നു. |
| (ഡി) | സൈനികനേയും സഹോദരനേയും പോലീസ് സ്റ്റേഷനിൽ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥനെ രക്ഷിക്കാനുള്ള ശ്രമങ്ങളാണ് പോലീസ് നടത്തുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഈ സംഭവവുമായി ബന്ധപ്പെട്ട് പ്രാഥമിക അന്വേഷണം നടത്തുകയും ആരോപണ വിധേയരായ പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇവർക്കെതിരെ വാച്യാന്വേഷണം നടത്തുന്നതിന് കൊല്ലം സിറ്റി DCRB അസിസ്റ്റന്റ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ? | (ഇ) | ഉത്തരം (ഡി) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ